**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2893** **12-07-2022 - ൽ മറുപടിയ്ക്ക്**

**പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന പി.ഡബ്ല്യൂ.ഡി. ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രസ്തുത ഏജൻസിയുടെ അനുവാദം ആവശ്യമായതിനാൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടി വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>പൈപ്പ്ലൈനുകളിൽ ഉണ്ടാകുന്ന ലീക്കുകൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചുകൊണ്ട് ലീക്കുകൾ തീർത്ത് റോഡുകൾ താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് നൽകാറുണ്ട്. റോഡ് മുറിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി ഒരു ഓൺലൈൻ പോർട്ടൽ (RoW പോർട്ടൽ) സംവിധാനം നിലവിലുണ്ട്. മഴക്കാലം, മണ്ഡലതീർത്ഥാടനകാലം തുടങ്ങിയ സീസണുകളിലും കരാർ പരിപാലനത്തിന് കീഴിലുള്ള റോഡുകളിലും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാറില്ല. തുടർച്ചയായി അപേക്ഷ സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമാകാത്തവയ്ക്ക് അനുമതി ലഭിക്കുവാൻ വകുപ്പ് തല ഇടപെടലുകൾ നടത്തുന്നു. റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്തിവരുന്നു. കൂടാതെ എം എൽ എ മാരുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ കൂടി വിവിധ റോഡുകളിലെ അനുമതിക്കായി ശ്രമിക്കാറുണ്ട്. PWD G.O.(Ms) No.8/2022 തീയതി 24.02.2022-നു വന്നതിനുശേഷം ഭരണാനുമതി നല്കിയ പ്രവൃത്തികൾക്ക്, ആ പ്രവൃത്തികൾ ചെയ്യുന്നതിനോടൊപ്പം തന്നെ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ PWD ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്താനുള്ള നടപടികൾ കെ.ഡബ്ല്യു.എ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്ത് റോഡുകളിൽ JJMപ്രവൃത്തികൾക്കായി പൈപ്പ് സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത |

| | | | |
|---|---|---|---|
| | | | വിധം താൽക്കാലികമായി റോഡ് പുന:സ്ഥാപിക്കാറുണ്ട്. |
| (ബി) | പൈപ്പുകൾ പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | PWD G.O.(Ms)No. 8/2022 തീയതി 24.02.2022-ന വന്നതിനുശേഷം ഭരണാനുമതി നല്കിയ പ്രവൃത്തികൾക്ക്, ആ പ്രവൃത്തികൾ ചെയ്യുന്നതിനോടൊപ്പം തന്നെ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ PWD ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്താനുള്ള നടപടികൾ കെ.ഡബ്ല്യ.എ സ്വീകരിച്ചുവരുന്നുണ്ട്. പൈപ്പുകൾ പൊട്ടുന്നത് മൂലം തകരാറിലാകുന്ന BMBC നിലവാരത്തിലുള്ള റോഡുകളിൽ ചുരുങ്ങിയ തോതിൽ അതെ നിലയിൽ പുനരുദ്ധാരണം നടത്തുവാനായി കരാറുകാരെ കിട്ടാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കാര്യമായ നിപുണത ഇല്ല എന്നുള്ളതും ഈ ഉത്തരവ് നടപ്പാക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങളാണ്. ഇത് പരിഹരിക്കുന്നതിനായി കെ.ഡബ്ല്യൂ.എ. യും പി.ഡബ്ല്യൂ.ഡിയുമായി ചേർന്ന് ഉന്നതതല യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് വരുന്നുണ്ട് എന്നിരുന്നാലും ചെറിയ ഒരു ഭാഗം റോഡ് മുറിച്ചാൽ റെസ്റ്റോറേഷൻ പാച്ച് വർക്കായോ താത്കാലികമായി സിമെന്റ് കോൺക്രീറ്റ് ചെയ്തോ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ